പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**08.10.2024–ൽ സഭയുടെ മേശപ്പുറത്തുവച്ച (23.01.2025–ൽ വീണ്ടും സഭയുടെ മേശപ്പുറത്തുവച്ച) സ.ഉ.(അ) നം. 40/2024/തസ്വഭവ. തീയതി 28.07.2024 (എസ്.ആർ.ഒ നം.658/2024) വിജ്ഞാപനത്തിനുള്ള ഭേദഗതി നോട്ടീസ്**

**(2025 മാർച്ച് 4–ന് സഭ പരിഗണിക്കുന്നത്)**

**ഡോ. എൻ. ജയരാജ്:**

**2024–ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികൾ നിർദേശിക്കുന്നു.**

1. ചട്ടം 2(1) പ്രകാരം പുതുതായി ചേർക്കുന്ന മൂലചട്ടം 2 (എബി)–ൽ " 6, 22, 5, 6, 2 " എന്നീ അക്കങ്ങൾ എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "ആറ്, ഇരുപത്തിരണ്ട്, അഞ്ച്, ആറ്, രണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

2. ചട്ടം 2(2) (i) പ്രകാരം പുതുതായി ചേർക്കുന്ന മൂലചട്ടം 3–ന്റെ ശീർഷകത്തിൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

3. ചട്ടം 2(2) (iii) പ്രകാരം ഭേദഗതി ചെയ്യുന്ന മൂലചട്ടത്തിലെ 3–ാം ചട്ടം (2)–ാം ഉപചട്ടത്തിൽ "നടത്തിക്കൊണ്ടുപോകുവാൻ" എന്ന വാക്കിനു പകരം "നടത്തുവാനോ" എന്ന വാക്ക് ചേർക്കുക.

4. ചട്ടം 2(2) (iv) പ്രകാരം ഭേദഗതി ചെയ്യുന്ന മൂലചട്ടത്തിലെ 3–ാം ചട്ടത്തിന്റെ നിലവിലുള്ള (4)–ാം ഉപചട്ടം നിലനിർത്തുകയും (4)–ാം ഉപചട്ടത്തിന് പകരം ചേർക്കുന്ന ഉപചട്ടം (5)–ാം ഉപചട്ടമായി ചേർക്കുകയും ചെയ്യുക.

5. ചട്ടം 2(4) (iii) പ്രകാരം മൂലചട്ടത്തിലെ ചട്ടം 5–ന്റെ പട്ടികയിൽ പുതുതായി ചേർക്കുന്ന കുറിപ്പ് (4)–ൽ "അഞ്ച് മുതൽ പത്ത് വരെ" എന്നീ വാക്കുകൾക്ക് പകരം "അഞ്ച് മുതൽ" എന്നീ വാക്കുകൾ ചേർക്കുക.

6. ചട്ടം 2(4) (iii) പ്രകാരം മൂലചട്ടത്തിലെ ചട്ടം 5–ന്റെ പട്ടികയിൽ പുതുതായി ചേർക്കുന്ന കുറിപ്പ് (5)–ൽ "നൂറ് മുതൽ അഞ്ഞൂറ് വരെ" എന്നീ വാക്കുകൾക്ക് പകരം "നൂറ് മുതൽ" എന്നീ വാക്കുകൾ ചേർക്കുക.

7. ചട്ടം 2(4) (iii) പ്രകാരം മൂലചട്ടത്തിലെ ചട്ടം 5-ന്റെ പട്ടികയിൽ പുതുതായി ചേർക്കുന്ന കുറിപ്പ് (6)-ൽ "അഞ്ചിൽ താഴെ" എന്നീ വാക്കുകൾക്ക് പകരം "അഞ്ചിൽ കൂടുതൽ" എന്നീ വാക്കുകൾ ചേർക്കുക.

8. ചട്ടം 2(5) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടം 6(4) -ൽ "ഉപചട്ടം (2)" എന്നീ വാക്കിനും അക്കത്തിനും ചിഹ്നത്തിനും പകരം "ഉപചട്ടം (3)" എന്നീ വാക്കും അക്കവും ചിഹ്നവും ചേർക്കുക.

9. ചട്ടം 2(5) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടം 6(4)-ന്റെ കുറിപ്പിൽ "ഫാമുകൾ" എന്ന വാക്കിനു പകരം "ഫാമുകൾക്ക് " എന്ന വാക്ക് ചേർക്കുക.

10. ചട്ടം 2(5) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടം 6(4)-ന്റെ കുറിപ്പിന് ശേഷമുള്ള "(4), (5), (6), (7), (8)" എന്നീ ഉപചട്ടങ്ങൾ യഥാക്രമം "(5), (6), (7), (8), (9)" എന്നിങ്ങനെ പുനരക്കം ചെയ്യുക.

11. ചട്ടം 2(5) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടം 6(4)-ന്റെ കുറിപ്പിന് ശേഷം,-

(i) ഉപചട്ടം (4), (5), (6), (8) എന്നിവയിൽ "(2)-ാം ഉപചട്ടപ്രകാരം" എന്നീ അക്കത്തിനും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം "(3)-ാം ഉപചട്ടപ്രകാരം" എന്നീ അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

(ii) ഉപചട്ടം (5)-ൽ "(6)-ാം ഉപചട്ടപ്രകാരം" എന്നീ അക്കത്തിനും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം "(7)-ാം ഉപചട്ടപ്രകാരം" എന്നീ അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

(iii) ഉപചട്ടം (7)-ൽ "(3)-ാം ഉപചട്ടത്തിൽ" എന്നീ അക്കത്തിനും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം "(4)-ാം ഉപചട്ടത്തിൽ" എന്നീ അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

12. ചട്ടം 2(6) പ്രകാരം മൂലചട്ടത്തിൽ പകരം ചേർക്കുന്ന 7-ാം ചട്ടത്തിന്റെ (8)-ാം ഉപചട്ടത്തിൽ "വെള്ളം വാർന്നു പോകാത്ത രീതിയിൽ" എന്നീ വാക്കുകൾക്കു പകരം "വെള്ളം വാർന്ന് പോകത്തക്ക രീതിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

13. ചട്ടം 2(8) പ്രകാരം ഭേദഗതി ചെയ്യുന്ന മൂലചട്ടത്തിലെ ചട്ടം 11-ൽ "മൃഗക്ഷേമം" എന്നീ വാക്കിന് പകരം "മൃഗങ്ങളുടെയും പക്ഷികളുടെയും ക്ഷേമം" എന്നീ വാക്കുകൾ ചേർക്കുക.

14. ചട്ടം 2(10) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 13(1)-ൽ "6-ാം ചട്ടം (2)-ാം ഉപചട്ടപ്രകാരം" എന്നീ അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം "(6)-ാം ചട്ടം (3)-ാം ഉപചട്ടപ്രകാരം" എന്നീ അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

15. ചട്ടം 2(10) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 13(1)-ൽ "ഗ്രാമപഞ്ചായത്ത്" എന്ന വാക്കിന് പകരം "ഗ്രാമപഞ്ചായത്ത് സെക്രട്ടറി" എന്നീ വാക്കുകൾ ചേർക്കുക.

16. ചട്ടം 2(10) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 13(1)-ൽ "ബോധിപ്പിക്കാവുന്നതാണ്" എന്ന വാക്കിനു പകരം "ബോധിപ്പിക്കാവുന്നതും അപ്പീൽ അപേക്ഷ മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

17. ചട്ടം 2(11)-ന് ശേഷം "(11) ചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറങ്ങളിൽ,-" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "(12) ചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറങ്ങളിൽ,-" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.